വനിത ശിശുവികസന വകുപ്പ്

## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

### സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ: ശ്രീമതി.അദീല അബ്ദുള്ള IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ICPS - വിവിധ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ 2021-22 സാമ്പത്തിക വർഷത്തെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.വിവിധ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നിന്നും ലഭിച്ച അപേക്ഷ
2. 03.05.2016 ലെ ICPS എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

**ഉത്തരവ് നമ്പർ- ICPS-4(B)/7815/16 തീയതി : 23.09.2021**

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ടിക്കുന്ന ജീവനക്കാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മേൽ പരാമർശം (1) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട് . ആയതിനാൽ ചുവടെ പട്ടിക പ്രകാരമുള്ള ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് 6,21,651/-രൂപ അനുവദിച്ച് നൽകാവുന്നതാണ്.

| Sl.No | District | Period | Amount |
|---|---|---|---|
| 1 | Pathanamthitta | 01.07.2019 to 31.03.2021 | 2,61,450 |
| 2 | Ernakulam | 01.11.2019 to 02.06.2020 | 87,980 |
| 3 | Thrissur | 01.07.2019 to 31.08.2020 | 2,10,430 |
| 4 | Wayanad | 07.01.2020 to 31.01.2020 | 9,581 |
| 5 | Kasargod | 19.03.2015 to 06.08.2019 | 52,210 |
| | | Grant Total | 6,21,651 |

മേൽ സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ മേൽ പട്ടിക

പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഫോറിൻ സർവീസ് അക്കൗണ്ടിൽ ഒടുക്കുന്നതിനായി ആകെ **6,21,651/-രൂപ (ആറു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അറുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക **6,21,651/-രൂപ (ആറു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അറുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം)** നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖേന അതാത് ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് തുക അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക പിൻവലിച്ച് ഫോറിന് സർവീസ് അക്കൗണ്ടിലെക്ക് ഒടുക്കേണ്ടതും,ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അനുവദിക്കുന്ന തുക സാലറി ഘടകത്തിലെ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററില് എഴുതി ഒർജിനൽ ചെല്ലാൻ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും,ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തില് അയച്ച് തരേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ***ഡയറക്ടർ*** &
മെമ്പർ സെക്രട്ടറി SCPS

ജില്ലാ വനിതാ ശിശു വികസന ഓഫീസർ പത്തനംതിട്ട,എറണാകുളം,തൃശൂർ,വയനാട്,കാസർഗോഡ്

**<u>പകർപ്പ്</u>**:

1. ജില്ലാ ശിശു സംരക്ഷണ ഓഫീസർ പത്തനംതിട്ടഡ്കാസർഗോ,വയനാട്,തൃശൂർ,എറണാകുളം,
2. സൂപ്രണ്ട് A സെക്ഷൻ
3. **സ്റ്റോക്ക് ഫയൽ**
4. ICPS 4
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT